# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4045** **25/06/2014-ൽ മറുപടിക്ക്**

## സംസ്ഥാനത്തെ കാൻസർ രോഗബാധിതരുടെ രോഗപ്രതിരോധത്തിനും ചികിത്സയ്ക്കും കർമ്മപദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. പി. വിൻസെന്റ്<br>" വി. റ്റി. ബൽറാം<br>" അൻവർ സാദത്ത്<br>" എ. റ്റി. ജോർജ്ജ് | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

-----------------------------------------------------------

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കാൻസർ രോഗ ബാധിതരുടെ രോഗപ്രതിരോധത്തിനും ചികിത്സയ്ക്കും എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വ്യക്തമാക്കുമോ ; | (എ) & (ബി) | സർക്കാർ മേഖലയിൽ അർബുദ രോഗത്തിന് വിദഗ്ധ ചികിത്സ ലഭിക്കുന്നത് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ. തലശ്ശേരി, അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ എന്നീ സ്ഥാപനങ്ങളിലാണ്. കേരളത്തിൽ വർദ്ധിച്ച് വരുന്ന കാൻസർ രോഗികളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ ഇവ അപര്യാപ്തമാണ് എന്ന് ബോധ്യമായതിനാൽ സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് ജില്ലാ 'കാൻസർ കെയർ പദ്ധതി'. നിലവിൽ ആരോഗ്യ വകുപ്പിന് കീഴിൽ എറണാകുളം ജില്ലാ ആശുപത്രിയിലാണ് കാൻസർ രോഗത്തിന് വിദഗ്ധ ചികിത്സ ലഭ്യമായിട്ടുള്ളത്. ആരോഗ്യ വകുപ്പിന്റെ ജില്ലാ കാൻസർ കെയർ പദ്ധതി പ്രകാരം ഓരോ ജില്ലയിലെയും ഒരു പ്രധാന ആശുപത്രിയിൽ ജില്ലാ കാൻസർ കെയർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും 12 ജില്ലകളിൽ അത് പ്രവർത്തനസജ്ജമാക്കുകയും ചെയ്തു.<br><br>ആരോഗ്യവകുപ്പിൽ ഓങ്കോളജിസ്റ്റുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻമാർക്കും അവരെ സഹായിക്കാനായി രണ്ട് സ്റ്റാഫ് നഴ്സുമാർക്കും വീതം തിരുവനന്തപുരം ആർ.സി.സിയിലും മലബാർ കാൻസർ സെന്ററിലും വച്ച് വിദഗ്ധ പരിശീലനം നൽകി വിന്യസിക്കുകയുണ്ടായി. ഇതിനോടകം 2500/- |
| (ബി) | ഇതിനായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും, ജില്ലാ ആശുപത്രികളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | | |

| | | | |
|---|---|---|---|
| | | | (രണ്ടായിരത്തി അഞ്ഞൂറ്) ലേറെ കീമോതെറാപ്പിയും മറ്റ് അനുബന്ധ ചികിത്സകളും നൽകുകയും കൂടാതെ 300 (മുന്നൂറ്) ഓളം പുതിയ കേസുകളും കണ്ടെത്തുന്നതിനും ഈ സെന്ററുകൾ മുഖേന സാധ്യമായിട്ടുണ്ട്.<br><br>ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള കാൻസർ സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനും മരുന്നും ധനസഹായ വിതരണവും നടത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരികയാണ്.<br><br>കാൻസർ ചികിത്സയുമായി ബന്ധപ്പെട്ട് സർക്കാർ മെഡിക്കൽ കോളേജുകളിലെ ഓങ്കോളജി, റേഡിയോ തെറാപ്പി ഡിപ്പാർട്ടുമെന്റുകളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് നവീകരിക്കുന്ന പദ്ധതി നടന്നു കൊണ്ടിരിക്കുന്നു. ഇതിനായി കൊബാൾട്ട് മെഷീൻ, ലീനിയർ ആക്സിലറേറ്റർ, സി.റ്റി. സിമുലേറ്റർ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് വരുന്നുണ്ട്. ആരോഗ്യ വകുപ്പിനു കീഴിലുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ സർജറി, കീമോതെറാപ്പി, റേഡിയോ തെറാപ്പി തുടങ്ങിയ ചികിത്സാ സമ്പ്രദായങ്ങളാണ് നടത്തിവരുന്നത്. |
| (സി) | എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പ്രസ്തുത സംവിധാനങ്ങൾക്ക് ലഭിക്കുന്നത് ; വിശദമാക്കാമോ ; ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) | ആർ..സി.സിയെ സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്തുന്ന പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിനെ ടേർഷ്യറി കാൻസർ സെന്ററാക്കി ഉയർത്തുന്ന പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ധനസഹായവും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ